ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) ഇക്കൊല്ലം തിരുവനന്തപുരം ഡിസ്ട്രിക്ടിൽ പുതിയ പോലീസ് സ്റ്റേഷനുകളും ഒന്നും തുറക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) 'എ'ക്ക് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ക്ഷയരോഗബാധ.

* 80. [37] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963-64 സാമ്പത്തികവർഷത്തിൽ സ്റ്റേറ്റിൽ ക്ഷയരോഗബാധ മൂലം എത്രപേർ ആശുപത്രിയെ അഭയം പ്രാപിച്ചിട്ടുണ്ട്. അതിൽ എത്രപേർ മരിച്ചു;

(ബി) ക്ഷയരോഗബാധയ്ക്ക് പ്രധാനകാരണങ്ങൾ എന്തെല്ലാമാണ്; അതു തടയുന്നതിന് എന്തു നടപടി കൈക്കൊണ്ടു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 491 പേർ ആശുപത്രിയിൽ അഭയം പ്രാപിച്ചിട്ടുണ്ട്. അവരിൽ ഏഴുപേർ മരണമടഞ്ഞു.

(ബി) ആഹാരസാധനങ്ങൾ പാചകം ചെയ്യുന്ന അവസരത്തിലുള്ള അശ്രദ്ധയാണ് ക്ഷയരോഗബാധയ്ക്കുള്ള പ്രധാന കാരണം. ക്ഷയരോഗബാധയുണ്ടായാൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർക്ക് വേണ്ട നിർദ്ദേശങ്ങളും അപ്പപ്പോൾ കൊടുത്തുവരുന്നുണ്ട്. ഇതിനും പുറമേ, ഹെൽത്ത് എഡ്യൂക്കേഷൻ യൂണിറ്റുകളും ക്ഷയരോഗബാധിത പ്രദേശങ്ങളും സന്ദർശിച്ച് ക്ഷയരോഗബാധയുണ്ടായാൽ എടുക്കേണ്ട പ്രതിരോധനടപടികളെക്കുറിച്ച് പൊതുജനങ്ങൾക്ക് വേണ്ട ഉൽബോധനങ്ങളും നൽകുന്നുണ്ട്.

സീഡ് ഫാംസ്.

* 81. [40] ശ്രീ. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഈ പദ്ധതിക്കാലത്ത് സ്ഥാപിക്കുവാൻ നിശ്ചയിച്ചിരുന്ന സീഡ്ഫാംസ് എത്ര;

(ബി) അതിൽ എത്ര എണ്ണത്തിന്റെ പണി പൂർത്തിയായി; എത്രയെണ്ണം പൂർത്തിയാക്കാനുണ്ട്, ഫാമുകളിൽ ഏതെല്ലാം തരം വിത്തുകൾ ഉണ്ടാക്കുന്നുണ്ട്.

(സി) പാലക്കാട് ജില്ലയിലെ ജലസേചനം ലഭിക്കുന്ന താലൂക്കുകളിൽ ഇന്നു സാധാരണയായി കൃഷിക്കാർ ഉപയോഗിക്കുന്ന വിത്തിന്റെ ബ്രീഡിലുള്ള വിത്തു ലഭിക്കുന്നതിനായി ഏതെങ്കിലും സീഡ്ഫാംസ് ഉണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്തു?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) രണ്ടു സീഡ്ഫാംസ് പുതുതായി സ്ഥാപിക്കുവാനും ഒന്നിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുവാനുമാണ് നിശ്ചയിച്ചിരുന്നത്.

(ബി) ഒരു സീഡ്ഫാമിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ചു. പുതുതായി സ്ഥാപിക്കുവാനുള്ള ഫാംസിനുവേണ്ടി നിലമെടുപ്പ് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവയിലൊന്നിന് 12.81 ഏക്കർ നിലം കൈവശപ്പെടുത്തി കൃഷി നടത്തിക്കൊണ്ടിരിക്കുന്നു. സീഡ്ഫാമുകളിൽ വിരിപ്പ്

LIBRARY ARCHIVES Kerala Legislative Assembly